(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 1.95 കോടി രൂപ സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.-ക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഭരണതലത്തിൽ എടുത്ത നടപടികൾ:- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എസ്കോട്ട് എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചു.

ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ :- കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ 2011 ഇലക്ട്രിക്കൽ സബ്ഡിവിഷനുകൾ കേന്ദ്രീകരിച്ച് ഉപഭോക്താക്കൾക്കിടയിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലും റസിഡൻഷ്യൽ അസോസ്സിയേഷൻ മുഖേനയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുപയോഗിക്കുന്നത് സംബന്ധിച്ചുമുള്ള ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

വൈദ്യുതി സ്വയം പര്യാപ്തത:- മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവത്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തിവരുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ വാർഷിക പദ്ധതികളിൽ ഊർജ്ജ സംരക്ഷണ രംഗത്ത് വൈവിദ്ധ്യങ്ങളായ പരിപാടികൾ നടപ്പിലാക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും ഭരണാനുമതി ലഭ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ മേഖലകൾക്കും അനുയോജ്യമായ പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്. ഇതിന് സഹായകമായ സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നുണ്ട്.

മീറ്റർ റീഡിംഗ് ലാബിന്റെ പ്രവർത്തനം

34 (2235) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന് കീഴിൽ മീറ്റർ റീഡിങ്ങ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മീറ്റർ റീഡിങ്ങ് ലാബിന്റെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിലെ മീറ്റർ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ലാബിന്റെ സിവിൽ വർക്ക് പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് പുരോഗമിച്ചുവരുന്നു.

(ബി) 10-7-2014-ൽ

(സി) ലാബിന്റെ ഇലക്ട്രിക്കൽ ജോലികൾകൂടി പൂർത്തിയാകാനുള്ളതുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

വൈദ്യുതി കടിശ്ശിക

35 (2236) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ വൈദ്യുതി ചാർജ്ജിന്റെ കടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തു;വ്യക്തമാക്കാമോ;

(ബി) ഇനിയും പിരിച്ചെടുക്കുവാനുള്ള കടിശ്ശിക സംബന്ധിച്ച വിശദമായ ലിസ്റ്റ് പ്രസിദ്ധീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന കടിശ്ശിക തുകയും അതിനുശേഷം നാളിതുവരെ കാലാകാലങ്ങളിൽ വന്നിട്ടുള്ള കടിശ്ശിക തുകയും ഉൾപ്പെടെ 2308.09 കോടി രൂപ വൈദ്യുതി ചാർജ്ജിന്റെ കടിശ്ശിക ഇനത്തിൽ ബോർഡിന് പരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ കടിശ്ശിക വിവരങ്ങൾ ത്രൈമാസ കണക്കായാണ് തയ്യാറാക്കുന്നത്. അതനുസരിച്ച് 30-9-2015-ൽ ആകെ 1961.57 കോടി രൂപയാണ് വൈദ്യുതി ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. കടിശ്ശികയുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു:

ക്രമ നമ്പർ	സ്ഥാപനങ്ങൾ	കടിശ്ശിക തുക (കോടിയിൽ)
(1)	(2)	(3)
1	സംസ്ഥാന സർക്കാർ	120.86
2	സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	1106.31
3	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	3.31